**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2729

12.03.2018- ൽ മറുപടിയ്ക്ക്

## ചെറുവത്തൂർ പുഴ പുറമ്പോക്ക് -പട്ടയം ലഭിക്കാൻ നടപടി

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

തൃക്കരിപ്പൂർ മണ്ഡലത്തിൽ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അൻപത് വർഷത്തിലധികമായി ഇവിടെ ജീവിച്ചുവരുന്ന ദരിദ്രരായ കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

കാസർകോട് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം പുഴപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമി പതിവ് വിധേയമല്ല എന്നും പുഴതീരങ്ങളിലുള്ള ഭൂമി പതിച്ചു നൽകരുതെന്ന് സുപ്രീം കോടതി വിധിന്യായമുള്ളതായും കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 218 (1) വകുപ്പ്, മുനിസിപ്പാലിറ്റി ആക്ടിലെ 208 എ (1) വകുപ്പ് എന്നിവ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ പുഴപുറമ്പോക്ക് പതിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ. പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകളാൽ വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ, സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചു വരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ട് നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചു വരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട പൊതു വിഷയം 28565/യു3/15/റവ നമ്പർ ഫയലിൽ പരിശോധനയിലാണ്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ പട്ടയത്തിനായുള്ള അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ